**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **15-03-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഡിപ്പോയിലെ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രൂക്ഷമാകുന്നതിന് മുമ്പ് നിലമ്പൂർ കെ.എസ്.ആർ.ടി .സി. ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ നടത്തിയിരുന്നുവെന്നും ഇപ്പോൾ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | കോവിഡ് രൂക്ഷമാകുന്നതിന് മുമ്പ് നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 39 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്പോൾ 27 സർവ്വീസുകൾ നടത്തി വരുന്നു. |
| (ബി) | നിലമ്പൂർ ഡിപ്പോയിൽ നിന്നും ഏതെല്ലാം റൂട്ടുകളിലേക്കുള്ള സർവ്വീസുകൾ ഇപ്പോൾ നടത്തുന്നില്ലായെന്ന് റൂട്ടുകളടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ മലയോര, ഗ്രാമീണ റൂട്ടുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ ഡിപ്പോയിൽ നിന്നും താഴെപ്പറയുന്ന 10 സർവ്വീസുകൾ നടത്തുന്നില്ല. 1. നിലമ്പൂർ-എരുമമുണ്ട (മലയോരം) 2. നിലമ്പൂർ-റ്റി.കെ കോളനി (മലയോരം) 3. നിലമ്പൂർ-മരുത (മലയോരം) 4. നിലമ്പൂർ-പാലാങ്കര (ഗ്രാമീണം) 5. നിലമ്പൂർ-മുരുകാഞ്ഞിരം (മലയോരം) 6. നിലമ്പൂർ-മുണ്ടേരി (ഗ്രാമീണം) 7. നിലമ്പൂർ-നെട്ടുകയം (മലയോരം) 8. നിലമ്പൂർ-തേൾപ്പാറ (മലയോരം) 9. നിലമ്പൂർ-വഴിക്കടവ്-കോഴിക്കോട് 10. കോഴിക്കോട്-ഗൂഡല്ലൂർ ഇവയിൽ 3 സർവ്വീസുകൾ ഗ്രാമീണ / മലയോര സർവ്വീസുകളാണ്. |
| (സി) | മലയോര മേഖലയായ എരുമമുണ്ടയിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്കുള്ള സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള തടസങ്ങൾ അറിയിക്കാമോ; ലാഭകരമായിരുന്ന ഈ ഗ്രാമീണ റൂട്ടിൽ അടിയന്തിരമായി സർവ്വീസ് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (സി) | 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് KSRTC ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | സ്വകാര്യ ബസുടമകളുമായി ഒത്തുകളിച്ചാണ് കെ.എസ്.ആർ.ടി .സി. യിലെ ചില ഉദ്യോഗസ്ഥർ പല ഗ്രാമീണ റൂട്ടുകളിലെയും സർവ്വീസ് | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | അവസാനിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധിക്കുമോ; | | |
| (ഇ) | നിലമ്പൂർ ഡിപ്പോയിൽ നിന്നും മറ്റ ഡിപ്പോകളിലേക്ക് പ്രവർത്തന സൗകര്യാർത്ഥം എന്ന പേരിൽ എത്ര ജീവനക്കാരെയാണ് മാറ്റിയിരിക്കുന്നതെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരെ നിലമ്പൂർ ഡിപ്പോയിലേക്ക് എന്നത്തേക്ക് തിരികെ നിയമിക്കാനാവുമെന്ന് അറിയിക്കാമോ; | (ഇ) | നിലമ്പൂർ യൂണിറ്റിൽ നിന്നും പ്രവർത്തന സൗകര്യാർത്ഥം 3 ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് ഡിപ്പോയിലേയ്ക്ക് സ്ഥലം മാറ്റിയിരിക്കുന്നത്. ഡ്രൈവർ -1 കണ്ടക്ടർ - 1 പ്യൂൺ -1 വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് ഡിപ്പോയിൽ പോയിട്ടുള്ള ജീവനക്കാരെ ടി ഡിപ്പോകളിൽ ജീവനക്കാരെ ലഭ്യമാകുന്ന മുറയ്ക്ക് നിലമ്പൂരിൽ നിയമിക്കുന്നതാണ്. |
| (എഫ്) | നിലമ്പൂർ ഡിപ്പോയിൽ അനുവദിച്ച ബസുകളിൽ നിന്നും എത്ര ബസുകളാണ് മറ്റ് ഡിപ്പോകളിലേക്ക് നൽകിയിട്ടുള്ളതെന്നും മുൻപ് ഏതെല്ലാം റൂട്ടുകളിൽ സർവീസ് നടത്തിയിരുന്നതായിരുന്നു പ്രസ്തുത ബസുകൾ എന്നും അറിയിക്കാമോ; ഈ ബസുകൾ അടിയന്തിരമായി തിരികെ എത്തിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (എഫ്) | നിലമ്പൂർ യൂണിറ്റിൽ കോവിഡിന്റെ പ്രാരംഭഘട്ടത്തിനു മുമ്പ് 54 ബസ്സുകൾ ഉണ്ടായിരുന്നു. അതിൽ 22 ബസ്സുകൾ പാർക്ക് സെന്ററിലേക്ക് മാറ്റുകയും മൂന്ന് ജൻറം ലോ ഫ്ലോർ നോൺ എ.സി ബസ്സുകൾ തിരുവനന്തപുരം ഡിസ്ട്രിക്ട് കോമൺ പൂളിലേക്കും മാറ്റി. നിലമ്പൂർ യൂണിറ്റിൽ നിലവിൽ 38 ബസ്സുകളാണ് സർവ്വീസ് നടത്തുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിന് ആവശ്യമായ സ്പെയർ ബസ്സുകൾ ഡിസ്ട്രിക് കോമൺ പൂളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 22 ബസ്സുകൾ നിലമ്പൂർ - വഴിക്കടവ്- കോഴിക്കോട് റൂട്ടിലും, 3 ജൻറം ബസ്സുകൾ നിലമ്പൂർ - മുണ്ടേരി – തിരൂർ, നിലമ്പൂർ - തേൾപ്പാറ എന്നീ റൂട്ടിലുമാണ് സർവ്വീസ് നടത്തിയിരുന്നത്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന പക്ഷം തിരികെ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ